# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6186 10.7.2012-ൽ മറുപടിയ്ക്ക്

**മുട്ട- മാംസം എന്നിവയുടെ ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, വി. ശശി<br>ഇ.എസ്.ബിജിമോൾ | | ശ്രീ.കെ.പി.മോഹനൻ<br>കൃഷിയും,മൃഗസംരക്ഷണവും<br>അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്ത് മുട്ട-മാംസം എന്നിവയുടെ പ്രതിദിന ഉപഭോഗം എത്ര വീതമാണ്; ഇതിൽ സംസ്ഥാനത്ത് പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന മുട്ട-മാംസം എന്നിവയുടെ അളവ് എത്ര; | എ) | സംസ്ഥാനത്ത് മുട്ട – മാംസം എന്നിവയുടെ പ്രതിദിന ഉപഭോഗം ചുവടെ ചേർക്കുന്നു :-<br>മുട്ട – 1.23 ലക്ഷം<br>മാംസം – 1488 ടൺ<br><br>ഇതിൽ സംസ്ഥാനത്ത് പ്രതിദിനം ഉത്പ്പാദിപ്പിക്കുന്ന മുട്ട, മാംസം എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു :-<br><br>മുട്ട - 46.5 ലക്ഷം<br>മാംസം - 1488 ടൺ |
| ബി) | ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് സംസ്ഥാനത്തേയ്ക്കാവശ്യമായ പാലും മുട്ടയും മാംസവും എത്തിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നാണ് കോഴി മുട്ട , പാൽ എന്നിവ മുഖ്യമായും എത്തിച്ചേരുന്നത്. മാംസത്തിനാവശ്യമായ മൃഗങ്ങളും പക്ഷികളും തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന് സംസ്ഥാനത്ത് തന്നെ സംസ്കരിച്ച് മാംസമാക്കി വിൽപന നടത്തുന്നതായി കാണുന്നു. |
| സി) | ഇവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി തുടർന്നു വന്ന പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പുതിയ എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | സി) | കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൗൾട്രി വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളാണ് 'കെപ്കോ, ഗ്രാമങ്ങൾ', 'കോഴി വളർത്തൽ ഗ്രാമങ്ങൾ', 'വീട്ടമ്മയുടെ അരുമക്കോഴികൾ', 'ഗ്രാമം നിറയെ കോഴികൾ', 'കുഞ്ഞു കൈകളിൽ കോഴിക്കുഞ്ഞ് ' ,"കെപ്കോ നഗരപ്രിയ" എന്നീ പദ്ധതികൾ .മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉത്പാദനം |

വർദ്ധിപ്പിക്കുന്നതിനായി കൊല്ലം ജില്ലയിലെ കുര്യോട്ടുമലയിൽ ഒരു കോഴി വളർത്തൽ പ്രജനന കേന്ദ്രം തുടങ്ങുന്നതിന് 700 ലക്ഷം രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ പണികൾ ആരംഭിച്ചിട്ടുണ്ട്. മാംസോത്പാദനം വർദ്ധിപ്പിയ്ക്കുന്നതിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പ്രത്യേക കന്നുകുട്ടി പരിപാലന

പദ്ധതിയിലൂടെ സൗജന്യനിരക്കിൽ തീറ്റ, വിരമരുന്ന്, ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ എന്നിവ നൽകുന്നപദ്ധതി , കറവപശുക്കൾക്ക്

പാലുത്പാദനം കൂട്ടുന്നതിനായി സൗജന്യമായി വിരമരുന്നും

ധാതുലവണമിശ്രിതവും നല്കുന്ന

പദ്ധതി നടപ്പിലാക്കി വരുന്നു.പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളാണ് കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി കേന്ദ്ര സഹായ പദ്ധതിയായ ആർ.കെ.വി.വൈ, ക്ഷീര സംഘങ്ങളെ സഹായിക്കുന്നതിനുള്ള വിവിധ പദ്ധതികൾ, പാലിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ.

Seela

സെക്ഷൻ ഓഫീസർ